**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3984** **25.06.2018 -ലെ മറുപടിക്ക്**

## കണ്ണൂർ ജില്ലയിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഇ.പി.ജയരാജൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ ഗ്രാമവികസന പദ്ധതിയിലേക്ക് കണ്ണൂർ ജില്ലയിലെ ഏതെല്ലാം പട്ടികജാതി ആവാസ കേന്ദ്രങ്ങളാണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലേക്ക് കണ്ണൂർ ജില്ലയിൽ നിന്ന് 16 കോളനികൾ തെരഞ്ഞെടുത്തിരുന്നു. അതിൽ താഴെപറയുന്ന കോളനികളിലെ പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>1. പുഞ്ചവയൽ കോളനി<br>2. മുണ്ടയാട് സെറ്റിൽമെന്റ്<br>3. അത്താഴക്കുന്ന് പുല്ലുപ്പി കോളനി<br>4. അവേര കോളനി<br>5. വലിയന്നൂർ പള്ളിപ്രം കോളനി<br>6. ധർമ്മടം അംബേദ്കർ കോളനി<br>7. മാടക്കാംപൊയിൽ കോളനി<br>8. കാരന്താട് കോളനി<br>9. വെടിയപ്പൻചാൽ കോളനി<br><br>താഴെപറയുന്ന കോളനികൾ ഫീസിബിൾ അല്ലാത്തതിനാൽ ഒഴിവാക്കി<br>10. കട്ടിമാക്കൂർ സാംബവ കോളനി<br>11. മുണ്ടയോട് സെറ്റിൽമെന്റ് കോളനി<br>12. കല്ലറയ്ക്കൽ മണ്ടയംകാവ് കോളനി<br>13. മുയ്യേരി കോളനി<br>14. പൂവത്തൂർ കോളനി<br>15. മുണ്ടാന്നൂർ കോളനി<br>കോളറായി തുരുത്തി കോളനിയ്ക്കുള്ള ഭരണാനുമതി ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | ഓരോ പട്ടികജാതി ആവാസ കേന്ദ്രത്തിലും എത്ര തുകയുടെ വികസന പ്രവർത്തനങ്ങൾക്കാണ് ഭരണാനുമതി നൽകുന്നത് ; | (ബി) | ഓരോ പട്ടികജാതി ആവാസ കേന്ദ്രത്തിലും പരമാവധി ഓരോ കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്കാണ് ഭരണാനുമതി നൽകുന്നത് |
| (സി) | കണ്ണൂർ ജില്ലയിൽ പ്രസ്തുത പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട എല്ലാ കേന്ദ്രങ്ങളിലും അംഗീകരിക്കപ്പെട്ട വികസന പദ്ധതികൾക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ടോ എന്ന് അറിയിക്കുമോ ; | (സി) | 9 കോളനികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട മട്ടന്നൂർ നിയോജകമണ്ഡലത്തിലെ കേന്ദ്രങ്ങളിലെ വികസന പദ്ധതികളെ സംബന്ധിച്ചും അവയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ചും വിശദാംശം വ്യക്തമാക്കുമോ ? | (ഡി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മുയ്യേരി, പൂവത്തൂർ എന്നീ കോളനികളിൽ 40 കുടുംബങ്ങൾ ഇല്ലാത്തതിനാൽ ടി കോളനികളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ